**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുത കണക്ഷൻ പുനഃസ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 1166 276 00 9151 നമ്പർ വൈദ്യുത കണക്ഷൻ നിലവിൽ ആരുടെ പേരിൽ ആണെന്നും ഈ കണക്ഷൻ എത്ര വർഷമായിട്ടുള്ളതാണെന്നും വ്യക്തമാക്കാമോ; | (എ) | 1166276009151 എന്ന നമ്പറിലുള്ള വൈദ്യുത കണക്ഷൻ നിലവിൽ ബാലൻ കെ കെ, സെക്രട്ടറി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കോഴിക്കോട് ഡിസ്ട്രിക്ട് കൗൺസിൽ പാർട്ടി ഓഫീസ് എന്ന പേരിലുള്ളതാണ്. 13 വർഷമായി നിലവിലുള്ളതാണ് ടി കണക്ഷൻ. 06-03-2024-ന് ഓണർഷിപ്പ് മാറ്റിയിട്ടുണ്ട്. 18-04-2012-ൽ എടുത്ത കണക്ഷൻ ആണ്. |
| (ബി) | കെട്ടിട ഉടമയുടെ സമ്മത പ്രകാരം വർഷങ്ങളായി ഗ്രൗണ്ട് ഫ്ലോറിൽ സ്ഥാപിച്ച് ഉപയോഗിച്ച് കൊണ്ടിരിക്കുന്ന ഒന്നാം നിലയിലെ പ്രസ്തുത വൈദ്യുത കണക്ഷൻ മീറ്റർ താഴത്തെ നിലയിൽ നിന്നും മാറ്റണം എന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമയുടെ മകൻ മീറ്ററിലെ ഫ്യൂസ് ഊരിമാറ്റി ഡിബി ബോർഡിലേക്കുള്ള വയർ പൊട്ടിച്ചത് സംബന്ധിച്ച് വാച്ചാൽ ശ്രീ. ശ്രീധരൻ നൽകിയ പരാതിയിൽ വൈദ്യുത വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ചോദ്യത്തിൽ പരാമർശിച്ച പ്രവർത്തി മൂലം ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള മെയിൻ സ്വിച്ചും അനുബന്ധ വയറിങ്ങും കേടു വന്നിട്ടുണ്ട്. കെ. എസ്. ഇ. ബി. യുടെ ഉടമസ്ഥതയിലുള്ള മീറ്ററിനും കട്ടൗട്ട് ഫ്യൂസിനും യാതൊരു തകരാറും സംഭവിച്ചിട്ടില്ല. മെയിൻ സ്വിച്ചും അനുബന്ധ വയറിങ്ങിനും കേടുവന്നതി നാലാണ് ഉപഭോക്താവിന് വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാതെ വന്നത്. പരാതി ലഭിച്ച സമയത്ത് തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രമിസസ് പരിശോധിക്കുകയും വസ്തുതകൾ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം പരാതിയിൽ വൈദ്യുത കണക്ഷൻ മീറ്റർ മാറ്റി നൽകേണ്ട സാമ്പത്തിക ഉത്തരവാദിത്തം വൈദ്യുത വകുപ്പിന്റേതാണോ പരാതി ഉന്നയിച്ച ആളിന്റേതാണോ അതോ കണക്ഷൻ ഉടമയുടേതാണോ എന്ന് വ്യക്തമാക്കുമോ; | (സി) | മീറ്റർ ഷിഫ്റ്റിംഗ് ഡെപ്പോസിറ്റ് വർക്ക് ആയതിനാൽ വൈദ്യുത നിയമപ്രകാ രമുള്ള സുരക്ഷാ കാര്യങ്ങൾ പാലിച്ച കൊണ്ടുള്ള വയറിങ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അപേക്ഷ ഓഫീസിൽ സമർപ്പിക്കുകയും റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച തുക കൺസ്യൂമർ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതുമാണ്. തുക അടക്കുന്ന മുറക്ക് മീറ്റർ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങുന്നതാണ്. |
| (ഡി) | മേൽ പറഞ്ഞ വൈദ്യുതി കണക്ഷനിൽ കഴിഞ്ഞ മൂന്ന് വർഷമായി എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെന്ന് മാസം (വൈദ്യുത ബിൽ മാസം ) തിരിച്ച് പറയാമോ; മേൽ ബില്ലിൽ ഓരോ മാസവും അടച്ച തുകയുടെ ബില്ല് ലഭ്യമാക്കാമോ; | (ഡി) | ഓരോ മാസവും അടച്ച തുകയുടെ ബില്ല് **അനുബന്ധമായി ചേർക്കുന്നു.** |

| | | | |
|---|---|---|---|
| (ഇ) | വൈദ്യുതവകുപ്പിന്റെ നിരുത്തരവാദിത്തം കാരണം പരാതിക്കാരന് ജനറേറ്റർ ഉപയോഗിച്ച് ഓഫീസ് പ്രവൃത്തിച്ചത് മൂലം വന്നിട്ടുള്ള സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | 1166276009151 നമ്പറിലുള്ള വൈദ്യുതി കണക്ഷനിലെ മീറ്റർ മാറ്റി സ്ഥാപി ക്കുന്നതിന് 26.09.2025-ന് ഉപഭോക്താവ് അപേക്ഷ സമർപ്പിക്കുകയും, പ്രമിസസ്സ് പരിശോധിച്ചപ്പോൾ ELCB, Earth connection, മെയിൻ സ്വിച്ച് എന്നിവ സ്ഥാപിച്ചിട്ടില്ല എന്നുള്ള വിവരം ഉപഭോക്താവിനെ അറിയിക്കുകയും മേൽപ്പറഞ്ഞവ സ്ഥാപിച്ച് മുറയ്ക്ക് 29.09.2025-ന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ചെയ്തു. 29.09.2025-ന് ഉപഭോക്താവ് വർക്ക് ഡെപ്പോസിറ്റ് തുക അടച്ച പ്രകാരം അന്നുതന്നെ മീറ്റർ മാറ്റി സ്ഥാപിച്ചിട്ടുള്ളതുമാണ്.<br><br>വൈദ്യുതി വകുപ്പ് ജീവനക്കാരുടെ ഭാഗത്തു നിന്നും മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിരുത്തരവാദപരമായ സമീപനം ഉണ്ടായിട്ടില്ല എന്നാണ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| 1166276009151 -LT-7A- 1ph Connected load/Demand | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl.. No. | Bill No. | | Bill Month | Bill date | Due Date | DC Date | Amount | Consumption |
| 1 | 6627250904447 | Regular CC | 202509 | 2025-09-11 | 2025-09-21 | 2025-10-08 | 202 | 0 |
| 2 | 6627250706505 | Regular CC | 202507 | 2025-07-09 | 2025-07-19 | 2025-08-05 | 202 | 0 |
| 3 | 6627250504590 | Regular CC | 202505 | 2025-05-12 | 2025-05-22 | 2025-06-07 | 202 | 0 |
| 4 | 6627250304700 | Regular CC | 202503 | 2025-03-11 | 2025-03-21 | 2025-04-05 | 202 | 0 |
| 5 | 6627250104549 | Regular CC | 202501 | 2025-01-11 | 2025-01-21 | 2025-02-05 | 198 | 0 |
| 6 | 6627241104233 | Regular CC | 202411 | 2024-11-11 | 2024-11-21 | 2024-12-06 | 192 | 0 |
| 7 | 6627240905182 | Regular CC | 202409 | 2024-09-11 | 2024-09-21 | 2024-10-07 | 194 | 0 |
| 8 | 6627240705776 | Regular CC | 202407 | 2024-07-11 | 2024-07-21 | 2024-08-06 | 194 | 0 |
| 9 | 6627240504698 | Regular CC | 202405 | 2024-05-11 | 2024-05-21 | 2024-06-05 | 194 | 0 |
| 10 | 6627240304097 | Regular CC | 202403 | 2024-03-11 | 2024-03-21 | 2024-04-05 | 194 | 0 |
| 11 | 6627240104681 | Regular CC | 202401 | 2024-01-11 | 2024-01-21 | 2024-02-05 | 194 | 0 |
| 12 | 6627231105399 | Regular CC | 202311 | 2023-11-13 | 2023-11-23 | 2023-12-08 | 178 | 0 |
| 13 | 6627230904402 | Regular CC | 202309 | 2023-09-12 | 2023-09-22 | 2023-10-07 | 174 | 0 |
| 14 | 6627230705055 | Regular CC | 202307 | 2023-07-11 | 2023-07-21 | 2023-08-05 | 174 | 0 |
| 15 | 6627230511518 | Regular CC | 202305 | 2023-05-11 | 2023-05-21 | 2023-06-05 | 174 | 0 |
| 16 | 6627230305237 | Regular CC | 202303 | 2023-03-11 | 2023-03-21 | 2023-04-10 | 174 | 0 |
| 17 | 6627230104429 | Regular CC | 202301 | 2023-01-12 | 2023-01-23 | 2023-02-07 | 174 | 0 |
| 18 | 6627221104797 | Regular CC | 202211 | 2022-11-11 | 2022-11-21 | 2022-12-06 | 174 | 0 |
| 19 | 6627220905028 | Regular CC | 202209 | 2022-09-13 | 2022-09-23 | 2022-10-10 | 174 | 0 |
| | | | | | | | 3564 | |

സെക്ഷൻ ഓഫീസർ